**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845** **11-02-2025 - ൽ മറുപടിയ്ക്ക്**

**കുറിച്ചി സചിവോത്തമപുരം നഗറിലെ തൊഴിൽ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കുറിച്ചി സചിവോത്തമപുരം നഗറിൽ 2012-13 ൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളിലെ സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കി നഗർ അസോസിയേഷന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രൊപ്പോസൽ ജില്ലാ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രൊപ്പോസൽ ജില്ലാതലത്തിൽ പരിശോധിച്ചു വരുന്നു. |
| (സി) | സംരംഭങ്ങൾ പ്രവർത്തന സജ്ജമാകുന്നതോടെ സചിവോത്തമപുരം നഗറിലെ തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം നിലവിലുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | സംരംഭങ്ങൾ പ്രവർത്തന സജ്ജമാകുന്നതോടെ സചിവോത്തമപുരം നഗറിലെ തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്. |
| (ഡി) | സചിവോത്തമപുരം നഗറിലെ തൊഴിൽ രഹിതർക്ക് ആവശ്യമായ പരിശീലനം നൽകി ഈ സംരംഭങ്ങളിൽ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രൊപോസൽ ലഭ്യമാകുന്ന മുറക്ക് ആയതു പരിശോധിച്ച നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ